WEDNESDAY 12-04-2023 ബുധനാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer’s Welfare Department

GOVERNMENT OF KERALA

Chief Editor : PADMAM S. Editor : Dr. BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-12/04/2023.

1. കേരള കാർഷിക സർവ്വകലാശാല കാർഷിക അധ്വാനം ലഘൂകരിക്കുന്നതിനുള്ള രണ്ട് യന്ത്രങ്ങൾക്കുള്ള പേറ്റന്റ് നേടി. വാഴക്കന്നു പിഴുതെടുക്കുന്ന യന്ത്രത്തിനും കൂർക്കയുടെ തൊലി കളയുന്ന യന്ത്രത്തിനുമാണ് കാർഷിക സർവ്വകലാശാലയ്ക്ക് പേറ്റന്റ് ലഭിച്ചത്. വാഴക്കന്നു പിഴുതെടുക്കുന്ന യന്ത്രം ഉപയോഗിച്ച് വാഴക്കന്നുകൾക്ക് കേടുവരാതെ മാതൃസസ്യത്തിൽ നിന്നും പിഴുതെടുക്കുന്നതിനു സാധിക്കും. പരമ്പരാഗത രീതിയിൽ തൂമ്പയും പാരയും ഉപയോഗിച്ച് വാഴക്കന്ന് പിഴുതെടുക്കുമ്പോൾ കന്നുകൾക്ക് കേടുപാടുകൾ സംഭവിക്കാനുള്ള സാധ്യതയുണ്ട്. കൃഷിയിടങ്ങളിൽ ഉപയോഗിക്കുന്ന ട്രാക്ടർ പോലുള്ള ഹൈഡ്രോളിക് യന്ത്രങ്ങളിൽ നേരിട്ടോ അല്ലാതെയോ ബന്ധിപ്പിച്ച് ഈ യന്ത്രം ഉപയോഗിക്കാം. ഒരു ഹൈഡ്രോളിക് സിലിണ്ടർ, കൊഴു , ഹൈഡ്രോളിക് പൈപ്പ്, നിയന്ത്രണ വാൽവ് എന്നിവയാണ് ഈ യന്ത്രത്തിന്റെ ഭാഗങ്ങൾ. ട്രാക്ടറിനോടു ബന്ധിപ്പിച്ചിട്ടുള്ള കൊഴു മണ്ണിൽ താഴ്ത്തി വാഴക്കന്നുകൾ പിഴുതെടുക്കുകയും ആണ് ചെയ്യുന്നത്. യന്ത്രത്തിന്റെ ഫീൽഡ് കപ്പാസിറ്റി 0.19 ഹെക്ടർ / മണിക്കൂർ ആണ്. ഒരു ദിവസം180 വാഴകളിൽ നിന്നും ഈ യന്ത്രം ഉപയോഗിച്ച് വാഴ കന്നുകൾ പിഴുതു മാറ്റാം .വാഴ കന്നുകൾ പിഴുതു മാറ്റുന്നതിനുള്ള ചിലവ് ഈ യന്ത്രം ഉപയോഗിച്ച് നാലിൽ മൂന്ന് ആയി കുറയ്ക്കാൻ സാധിക്കും. വീടുകളിൽ ഉപയോഗിക്കുന്ന ഗ്രൈൻഡറിൽ ഘടിപ്പിക്കാവുന്ന ഒരു യന്ത്രം ആണ് കൂർക്കയുടെ തൊലി കളയുന്നതിനുള്ളത് .കൂർക്കയുടെ തൊലി കളയുന്ന പീലിംഗ് യൂണിറ്റും നിയന്ത്രണ ദണ്ഡുമാണ് ഈ യന്ത്രത്തിന്റെ ഭാഗങ്ങൾ. കൂർക്കയുടെ തൊലി കൂടുതൽ കളയുന്നതും എന്നാൽ പൊട്ടൽ നിയന്ത്രിക്കുകയും ചെയ്യുന്ന രീതിയിലാണ് ഈ യന്ത്രത്തിന്റെ രൂപകൽപ്പന. കൂർക്ക തൊലിയോട് കൂടി ഈ യന്ത്രത്തിൽ ഇട്ടുകൊടുത്ത് വെള്ളം ഒഴിച്ച് യന്ത്രം പ്രവർത്തിപ്പിക്കാം .ഒരു മണിക്കൂറിൽ 15 കിലോ കൂർക്ക ഈ യന്ത്രം ഉപയോഗിച്ച് തൊലി കളഞ്ഞെടുക്കുന്നതിന് സാധിക്കും.കൂർക്ക കൂടാതെ ചെറുകിഴങ്ങ്, ചക്കക്കുരു എന്നിവയും ഈ യന്ത്രം ഉപയോഗിച്ച് തൊലി കളയാവുന്നതാണ്.

2. നെല്ല് സംഭരണ പ്രക്രിയ നേരിടുന്ന പ്രശ്നങ്ങളും, മെച്ചപ്പെടുത്തുന്നതിനുള്ള ക്രിയാത്മക നിർദ്ദേശങ്ങളും കർഷകർക്കും മില്ലുകാർക്കും പൊതുജനങ്ങൾക്കും നിർദ്ദേശിക്കാം. ഡോ. വി കെ ബേബി

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ഐഎഎസ് അധ്യക്ഷനായുള്ള നെല്ല് സംഭരണ സമിതിയുടെ രണ്ടാമത്തെ യോഗത്തിലാണ് തീരുമാനം. നിർദ്ദേശങ്ങൾ സമർപ്പിക്കേണ്ട വിലാസം: കൃഷി (WTO സെൽ) വകുപ്പ്, ഗവ. സെക്രട്ടറിയേറ്റ്, തിരുവനന്തപുരം 695001. നിർദ്ദേശങ്ങൾ ecrpaddyproc2023@gmail.com എന്ന ഇ-മെയിലിലേക്കും അയയ്ക്കാവുന്നതാണ്. നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഏപ്രിൽ 17 (17.04.2023) ആണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **0471– 2517169** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

3. പ്രാദേശികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിന് യോജിച്ച റബ്ബറിനങ്ങളെക്കുറിച്ചറിയാൻ റബ്ബർ ബോർഡ് കോൾസെന്ററിൽ വിളിക്കാം. കർഷകരുടെ ചോദ്യങ്ങൾക്ക് ഇന്ന് (12.04.2023) രാവിലെ പത്തുമണി മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർ ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ടി. മീനാകുമാരി ഫോണിലൂടെ മറുപടി പറയും. കോൾ സെന്റർ നമ്പർ 04812576622

4. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ കരാർ ഫാമുകൾ വളർത്തിയെടുത്ത 40 മുതൽ 45 ദിവസം വരെ പ്രായമുള്ള, ശരാശരി 2.0 കിലോയ്ക്ക് മുകളിൽ തൂക്കമുള്ളതുമായ ഇറച്ചിക്കോഴികൾ വിൽപ്പനയ്ക്കായി തയ്യാറായിട്ടുണ്ട്. താൽപ്പര്യമുള്ളവർ 0471-2478585, 2468585, 9495000922 എന്നീ നമ്പരുകളിൽ ബന്ധപ്പെട്ടോ, kepcopoultry@gmail.com. എന്ന ഇ-മെയിൽ വിലാസത്തിലോ എടുക്കാൻ കഴിയുന്ന നിരക്ക് അറിയിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ടി.സി. 30/697, പേട്ട, തിരുവനന്തപുരം 695024

**വിള പരിപാലന നിർദ്ദേശങ്ങൾ**

5. നെല്ലിലെ ചാഴിക്ക് -മത്തി-ശർക്കര മിശ്രിതം 6 മി.ലി. ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിക്കുക, കൈറ്റിൻ അധിഷ്ഠിത സ്യൂഡോമോണാസ് 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിലെന്ന തോതിൽ തളിക്കുക.

വാഴയിൽ നന തുടരുക, ആവശ്യമില്ലാത്ത കന്നുകൾ നശിപ്പിക്കുക, താങ്ങുകൾ കൊടുക്കാൻ തുടങ്ങാം.

വൃക്ഷ വിളകൾ -പിങ്ക് രോഗം -വേനൽ മഴ കഴിയുന്നതോടെ ബോർഡോ മിശ്രിതം തളിക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മാവിൽ കായീച്ചയ്ക്ക് -കൊഴിഞ്ഞു വീഴുന്ന കായ്കൾ ഉടനെ പെറുക്കി നശിപ്പിക്കുക. ഒരു ഏക്കറിന് 6 ഫിറമോൺ കെണികൾ (മീതൈൽ യുജിനോൾ കെണികൾ) വീതം വെക്കുക. മരത്തിന്റെ തടത്തിനു ചുറ്റും ഇടയ്ക്കിടെ കിളച്ചു കൊടുക്കുക.

മൃഗസംരക്ഷണം - കന്നുകാലിത്തൊഴുത്തിൽ വായുസഞ്ചാരം കൂട്ടുന്നതിന് വശങ്ങൾ തുറന്നുവയ്ക്കുന്നതും പറ്റുമെങ്കിൽ മേൽക്കൂരയുടെ ഉയരം കൂട്ടുന്നതും നല്ലതാണ്. തൊഴുത്തിലും മേച്ചിൽ സ്ഥലങ്ങളിലും കുടിക്കാൻ ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുക. കന്നുകാലികൾക്ക് അപകടകാരികളായ സൂര്യ വികിരണങ്ങൾ ഏൽക്കാതിരിക്കാൻ കാലത്തു 9 മണിക്ക് മുൻപോ വൈകിട്ട് 4 മണിക്ക് ശേഷമോ മാത്രം മേയാൻ അനുവദിക്കാവൂ.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം